**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 154** **05-12-2018-ലെ മറുപടി**

**ഹരിത കേരളം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | ഹരിതകേരളം പദ്ധതിയിൽപ്പെടുത്തി തോടുകളും നദികളും ശുചീകരിക്കുവാൻ പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന – കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടുകൂടി തോടുകളും നദികളും ജനകീയ പങ്കാളിത്തത്തോടെ ശുചീകരിച്ചു വരുന്നു. ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം ജലസേചന വകുപ്പു നൽകിവരുന്നു. എല്ലാ ജില്ലകളിലും പുതിയതായി ഒരു പുഴയെങ്കിലും ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ജനകീയമായി പുനരുജ്ജീവിപ്പിച്ച തോടുകളും പുഴകളും സ്ഥായിയായി നിലനിർത്തുന്നതിനാവശ്യമായ സംരക്ഷണ പ്രവൃത്തികൾ സംബന്ധിച്ച് ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ശുചിയാക്കിയ ജല സ്രോതസ്സുകൾ വീണ്ടും മലിനമാകാതിരിക്കുന്നതിന് ഭൂരിപക്ഷം സ്ഥലങ്ങളിലും ജനകീയ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. |
| (സി) | കൃഷിയ്ക്കും ജലഗതാഗതത്തിനും വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന തോടുകളിലെ പോള നീക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ശുചീകരണം നടത്തിയ പുഴകളിലും തോടുകളിലും പോളയടക്കം നീക്കി ശുചീകരിച്ചിട്ടുണ്ട്. തോടുകളിലെ പോള നീക്കം ചെയ്യുന്നതിനായി പോളവാരൽ യന്ത്രം ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ പക്കൽ ഉണ്ട്. സംസ്ഥാന ടൂറിസം വകുപ്പിന്റെ ധന സഹായത്തോടുകൂടി ജലസേചന വകുപ്പിൽ പോളവാരൽ യന്ത്രം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പോള നീക്കുന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | ഈ കാര്യത്തിൽ പരിഹാര നടപടികൾ സ്വീകരിയ്ക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**